# കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - ഐടി @ സ്കൂൾ പ്രോജക്ട് - സംസ്ഥാനത്തെ വിദ്യാലയങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമുള്ള ഇ-മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യുന്നതിന് പൊതു മാനദണ്ഡം ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.1963/17/പൊ.വി.വ** തീയതി, തിരുവനന്തപുരം, 20.06.17

---

പരാമർശം:- 1) 10.10.14 ലെ സ.ഉ(സാധ)നം.2612/14/തസ്വഭവ

2) 04.03.16 ലെ സ.ഉ(സാധ)നം.1117/16/തസ്വഭവ

3) ഐടി@ സ്കൂൾ പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.06.2017 ലെ ഐടിഎസ്/2017/1418 നം.കത്ത്.

## ഉത്തരവ്

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാർ സ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപങ്ങൾ വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുണ്ടാകുന്ന ഇ-മാലിന്യം നിർമ്മാർജനം ചെയ്യുന്നതിനായി പരാമർശം (1),(2) എന്നിവ പ്രകാരം സർക്കാർ ക്ലീൻ കേരള കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു.

ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി ഐ.ടി.@സ്കൂൾ പ്രോജക്ട് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഇ-മാലിന്യം നിർമ്മാർജനം ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്ത് ഐ.ടി.@സ്കൂൾ പ്രോജക്ടിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതി സമർപ്പിച്ചിട്ടുള്ള ശുപാർശകൾ ഒരു സർക്കാർ ഉത്തരവായി പുറപ്പെടുവിക്കണമെന്നാവശ്യപ്പെട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്കൂൾ പ്രോജക്ട് പരാമർശം (3) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വിദ്യാലയങ്ങളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഇ-മാലിന്യം നിർമ്മാർജനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

### ഇ-മാലിന്യങ്ങളുടെ തരംതിരിക്കൽ

1. വിദ്യാലയങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 31.03.2008 ന് മുൻപ് ലഭിച്ചതും നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതുമായ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളും 31.03.2010 ന് മുൻപ് ലഭിച്ച 600VA യു.പി.എസ്, സി.ആർ.ടി. മോണിറ്റർ, കീ ബോർഡ്, മൗസ് എന്നിവയും ആദ്യ ഘട്ടത്തിൽ ഇ-മാലിന്യങ്ങളുടെ ഗണത്തിൽപ്പെടുത്താവുന്നതാണ്. ഇക്കാര്യം സ്കൂൾതല സമിതി പരിശോധിച്ച് ഉറപ്പാക്കണം.
2. സ്കൂൾതല സമിതിയിൽ പ്രഥമാധ്യാപകൻ (ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ പ്രിൻസിപ്പാൾ) ഐ.ടി. കോ-ഓർഡിനേറ്റർ, ജോയിന്റ് ഐ.ടി. കോ-ഓർഡിനേറ്റർ, ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതിയിലെ ഹാർഡ്‌വെയർ ഗ്രൂപ്പിലെ രണ്ട് അംഗങ്ങൾ എന്നിവർ അംഗങ്ങളായിരിക്കും. ആവശ്യമെങ്കിൽ സാങ്കേതിക വിദഗ്ധരുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ തൊട്ടടുത്ത സ്കൂളുകളിലെ കമ്മിറ്റിയുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.
3. 31.03.2008 ന് ശേഷം ലഭിച്ച ഉപകരണങ്ങളുടേയും 31.03.2010 ന് ശേഷം ലഭിച്ച 600VA യു.പി.എസ്, സി.ആർ.ടി. മോണിറ്റർ, കീ ബോർഡ്, മൗസ് എന്നിവയുടേയും കാര്യത്തിൽ സ്കൂൾതല സമിതി പരിശോധിച്ച് വിശദാംശങ്ങൾ ഐ.ടി.@സ്കൂൾ പ്രോജക്ടിനെ അറിയിക്കേണ്ടതും പ്രോജക്ട് ചുമതലപ്പെടുത്തുന്ന സാങ്കേതിക വിദഗ്ധരുടെ പരിശോധനയ്ക്ക് ശേഷം മാത്രം ഇവ ഇ-മാലിന്യമായി

പരിഗണിക്കാവുന്നതുമാണ്. പരിശോധനയ്ക്ക് ശേഷം ഇവയുടെ നിർമാർജനം രണ്ടാം ഘട്ടമായി ഐ.ടി.@സ്കൂൾ പ്രോജക്ട് നടത്തേണ്ടതാണ്.

4. ഇ-വേസ്റ്റായി പരിഗണിക്കപ്പെടാവുന്ന ഉപകരണങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.

**ഇ-മാലിന്യ ശേഖരണം**

1. ഓരോ വിദ്യാലയത്തിലെ/സ്ഥാപനത്തിലേയും ഇ-മാലിന്യം ക്ലീൻ കേരള കമ്പനി ചുമതലപ്പെടുത്തിയിരിക്കുന്ന ഏജൻസി ശേഖരിക്കുന്നതാണ്.
2. ഇപ്രകാരം ശേഖരിക്കുമ്പോൾ ലഭ്യമായ ഇ-വേസ്റ്റിന്റെ അളവനുസരിച്ച് (ഉദാ. ഒരു കേന്ദ്രത്തിൽ ചുരുങ്ങിയത് 500 കിലോഗ്രാം) ശേഖരണ കേന്ദ്രങ്ങൾ ഐ.ടി. @സ്കൂളും ക്ലീൻ കേരള കമ്പനിയും സംയുക്തമായി ആലോചിച്ച് ഒരുക്കേണ്ടതാണ്.
3. മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ഇ-മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യുന്നതിനുമുള്ള തുടർ പ്രവർത്തനങ്ങൾ ഐ.ടി.@സ്കൂൾ പ്രോജക്ട് ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി ചേർന്ന് ഒരുക്കേണ്ടതാണ്.

**പൊതു നിർദ്ദേശങ്ങൾ**

1. ഉപകരണങ്ങൾ ഇ-മാലിന്യമായി പരിഗണിക്കുന്നതിന് വിദ്യാലയത്തിലെ/ ഓഫീസിലെ മറ്റൊരാവശ്യത്തിനും അവ ഉപയോഗിക്കാൻ സാധ്യമല്ലെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലായിരിക്കണം.
2. നിയമപരമായി ഓരോ സ്ഥാപനത്തിനും അവകാശമുള്ള ഉപകരണങ്ങൾ മാത്രമായിരിക്കണം ഇ-മാലിന്യമായി പരിഗണിക്കേണ്ടത്.
3. വാറന്റി, എ.എം.സി. എന്നിവയുള്ള ഉപകരണങ്ങൾ ഇ-മാലിന്യങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ പാടില്ല.
4. ഇ-മാലിന്യമായി കണ്ടെത്തുന്ന/നിശ്ചയിക്കുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ റിമാർക്ക്സ് രേഖപ്പെടുത്തി കുറവുചെയ്യേണ്ടതാണ്.
5. കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പെൻ ഡ്രൈവ് തുടങ്ങിയ ഉപകരണങ്ങൾ ഇ-മാലിന്യമായി മാറ്റുമ്പോൾ പ്രസ്തുത ഉപകരണങ്ങളിൽ വിദ്യാലയങ്ങളേയോ സ്ഥാപനങ്ങളേയോ സംബന്ധിക്കുന്ന രഹസ്യ സ്വഭാവമുള്ള യാതൊരു ഡാറ്റയും ഇല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യം ഐ.ടി.@സ്കൂൾ പ്രോജക്ടും ക്ലീൻ കേരള കമ്പനി ലിമിറ്റഡും തമ്മിലുള്ള കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.ഉഷ ടൈറ്റസ്**

**സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, HSE, തിരുവനന്തപുരം
ഡയറക്ടർ, VHSE, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ പ്രോജക്ട്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി,തിരുവനന്തപുരം(വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

അനുബന്ധം-1

<u>ഇ-വേസ്റ്റായി പരിഗണിക്കപ്പെടാവുന്ന ഉപകരണങ്ങളുടെ പട്ടിക</u>

| | |
|---|---|
| കമ്പ്യൂട്ടർ | 1. ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ - സിസ്റ്റം യൂണിറ്റ് (ക്യാബിൻ), മോണിറ്റർ (സി.ആർ.ടി., എൽ.സി.ഡി., എൽ.ഇ.ഡി., ടി.എഫ്.ടി.), മൗസ്, കീ ബോർഡ്, കേബിളുകൾ.<br>2. ലാപ്ടോപ് കമ്പ്യൂട്ടർ - ലാപ്ടോപ്പ്, ചാർജ്ജർ, ബാറ്ററി, നെറ്റ്ബുക്ക്, ഹാർഡ്ഡിസ്ക് (എക്സ്റ്റേണൽ), സി.ഡി./ഡി.വി.ഡി. ഡ്രൈവ് (എക്സ്റ്റേണൽ), പെൻഡ്രൈവ്, ഫ്ളോപ്പി ഡിസ്ക്. |
| പ്രിന്റർ | ഡോട്ട്മാട്രിക്സ്, ഇങ്ക്ജെറ്റ്, ഓൾ ഇൻ വൺ, മൾട്ടി ഫങ്ഷൻ, കേബിൾ, കാർട്ട്ട്രിഡ്ജ്, ടോണർ. |
| യു.പി.എസ്. | ഓൺലൈൻ, ഓഫ്ലൈൻ, ബാറ്ററി, സ്റ്റെബിലൈസർ. |
| പ്രൊജക്ടർ | എൽ.സി.ഡി., സ്ക്രീൻ, സ്റ്റാൻഡ്, വി.ജി.എ. കേബിൾ |
| ക്യാമറ | ഡിജിറ്റൽ, ഹാന്റികൃാം, വെബ്ക്യാം |
| സ്പീക്കർ സിസ്റ്റം | ഹെഡ്ഫോൺ, സ്പീക്കർ |
| ടെലിവിഷൻ | സി.ആർ.ടി., എൽ.സി.ഡി., എൽ.ഇ.ഡി., സ്മാർട്ട് ബോർഡ്, ഇന്ററാക്ടീവ് ബോർഡ്. |
| നെറ്റ്വർക്ക് | മോഡം, ഹബ്ബ്/സ്വിച്ച്, കേബിൾ, റൂട്ടർ, വൈ-ഫൈ ഉപകരണങ്ങൾ |
| സ്കാനർ, ഫാക്സ് മെഷീൻ, റേഡിയോ, വാക്വം ക്ലീനർ, ജനറേറ്റർ. | |